# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4648 23/07/2015-ൽ മറുപടിക്ക്

## ചാത്തൻകോട്ടു നട ചെറുകിട ജലവൈദ്യുത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ചാത്തൻകോട്ടുനട ചെറുകിട ജല വൈദ്യുത പദ്ധതി പൂർത്തീകരിക്കുന്നതിന് കരാറുകാരുമായി ഉണ്ടാക്കിയ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (എ) ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള സമയ പരിധി 31/12/2016 വരെ നീട്ടി നൽകിയത് താഴെ പറയുന്ന വ്യവസ്ഥകൾ പ്രകാരമാണ്.<br>1. ജൂലൈ 2016-ൽ പരീക്ഷണ വൈദ്യുതോല്പാദനം സാധ്യമാക്കണം. ഡിസംബർ 2016-ൽ പദ്ധതി പൂർത്തീകരിച്ച് കൈമാറുകയും ചെയ്യണം.<br>2. കരാറുകാരൻ പുതുക്കിയ സമയ പട്ടിക പ്രകാരം ആനുപാതികമായ പുരോഗതി കൈവരിക്കേണ്ടതാണ്. അതിൽ വലിയ വീഴ്ച വരുത്തുന്ന പക്ഷം ബോർഡിന് ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത കരാറുകാരിൽ നിന്നും ഈടാക്കി കരാർ അവസാനിപ്പിക്കുന്നതാണ്.<br>3. പദ്ധതിയുടെ പുരോഗതി Project Monitoring Committee നിരന്തരം നിരീക്ഷിക്കുന്നതാണ്. 31/12/2015-ലും 31/03/2016-ലും പദ്ധതി നടത്തിപ്പിന്റെ പുരോഗതി അവലോകനം ചെയ്യുന്നതും ഉദ്ദേശിച്ച പുരോഗതി കൈവരിച്ചില്ലെങ്കിൽ കൂടുതൽ തുക ബില്ലിൽ നിന്നും retention ആയി ഈടാക്കുന്നതുമാണ്.<br>4. പദ്ധതി ' Fast Track Projects ' ൽ ഉൾപ്പെടുത്തി കരാറുകാരൻ ചെയ്ത ജോലിയുടെ ബിൽതുക സമയബന്ധിതമായി കൊടുക്കുന്നതാണ്.<br>5. പദ്ധതി പൂർത്തീകരണ കാലാവധി ഇപ്രകാരം നീട്ടിക്കൊടുക്കുന്നതുകൊണ്ട് ബോർഡ് അധിക സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കുന്നതല്ല. |

(....2)

| | | | |
|---|---|---|---|
| (ബി) | ഇത് പ്രകാരം എന്നത്തേയ്ക്ക് നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ; | (ബി) | 31/12/2016-ൽ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (സി) | പദ്ധതി യഥാസമയത്ത് പൂർത്തിയാക്കാത്തതുമൂലം എത്ര രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്; വിശദവിവരം നൽകുമോ ? | (സി) | പദ്ധതി യഥാസമയത്ത് പൂർത്തിയാകാത്തതുകൊണ്ട് പ്രതിവർഷം 14.76 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ ഉല്പാദന നഷ്ടം വരുന്നുണ്ട്. യൂണിറ്റിന് മൂന്ന് രൂപ നിരക്കിൽ പ്രതിവർഷ ഉല്പാദന നഷ്ടം 4.43 കോടി രൂപയാണ്. |

**സെക്ഷൻ ഓഫീസർ**